# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 - 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/225/2018 2018 ഒക്ടോബർ 23


# എം.ജി. വാർത്താക്കുറിപ്പ്

---

## കോപ്പിയടി തടയാൻ എം.ജി. സർവകലാശാലയിൽ 80 അംഗ വിജിലൻസ് സ്‌ക്വാഡ്

മഹാത്മാ ഗാന്ധി സർവകലാശാല നടത്തുന്ന പരീക്ഷകളിൽ കോപ്പിയടിയും മറ്റും തടയുന്നതിനായി വിജിലൻസ് സ്‌ക്വാഡ് രൂപീകരിച്ചു. 80 പേരാണ് സ്‌ക്വാഡിലുള്ളത്. പരീക്ഷകളിൽ കോപ്പിയടിയടക്കമുള്ള ക്രമക്കേടുകൾ തടയുകയാണ് സ്‌ക്വാഡിന്റെ ചുമതല. പരീക്ഷാകാലത്ത് കോളേജുകളിൽ ഇവർ മിന്നൽ പരിശോധനകൾ നടത്തും.

വൈക്കം, കോട്ടയം, ചങ്ങനാശ്ശേരി, ഇടുക്കി, പാലാ, പത്തനംതിട്ട, എറണാകുളം സോണുകളായാണ് സ്‌ക്വാഡിനെ വിന്യസിക്കുന്നത്. എറണാകുളത്ത് മൂന്നും പത്തനംതിട്ടയിൽ രണ്ട് സ്‌ക്വാഡും പ്രവർത്തിക്കും. ഓട്ടോണമസ് കോളേജുകൾക്കായി എറണാകുളം, കോട്ടയം സോണുകളിലായി രണ്ട് സ്‌ക്വാഡിനെയും നിയോഗിച്ചിട്ടുണ്ട്.

സ്‌ക്വാഡ് കൺവീനർമാരുടെയും അംഗങ്ങളുടെയും യോഗം സർവകലാശാല അസംബ്ലി ഹാളിൽ നടന്നു. സിൻഡിക്കേറ്റ് പരീക്ഷകൾക്കുള്ള ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, പരീക്ഷാ കൺട്രോളർ ഡോ. തോമസ് ജോൺ മാമ്പറ എന്നിവർ പങ്കെടുത്തു.

## പരീക്ഷാഫലം

2017 ഒക്ടോബറിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ